# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4885 26.06.2019 -ലെ മറുപടിയ്ക്ക്**

## സർവ്വകലാശാലകളിലെ പരീക്ഷാ കലണ്ടറുകളുടെ ഏകീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | **ഡോ.കെ.ടി.ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പരീക്ഷാ കലണ്ടറുകൾ ഏകീകരിക്കുന്നതു സംബന്ധിച്ച തീരുമാനം ഏതുഘട്ടം വരെയായി എന്നറിയിക്കാമോ; | (എ) | സംസ്ഥാനത്തെ സർവകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നു ണ്ട്. സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി സർവകലാശാലകൾ യഥാസമയം പരീക്ഷാ ഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട് |
| (ബി) | പരീക്ഷകൾ കൃത്യസമയത്ത് നടത്തുന്നതിനും ആയതിന്റെ റിസൾട്ടുകൾ കാലതാമസം കൂടാതെ പ്രസിദ്ധീകരിക്കുന്നതിനും ഓരോ സർവ്വകലാശാലയും സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദീകരിക്കാമോ; | (ബി) | നിർദ്ദിഷ്ട സമയത്തിനുള്ളിൽ പരീക്ഷകൾ നടത്തിയും കൃത്യ സമയത്ത് ഉത്തര കടലാസുകൾ മൂല്യനിർണയത്തിന് സജ്ജമാക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയും കേന്ദ്രീകൃത മൂല്യനിർണയ രീതി അവലംബിച്ചും കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകളിൽ നിന്നെത്തുന്ന മാർക്കുകൾ നിശ്ചിത സമയത്ത് രേഖപ്പെടുത്തി ഫലം പ്രഖ്യാപിക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയും |

| | | | |
|---|---|---|---|
| | | | പരീക്ഷാ ഫലങ്ങൾ കാലവിളംബമില്ലാതെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ വിവിധ സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുണ്ട് |
| (സി) | സംസ്ഥാനത്തിനു പുറത്തും അകത്തും വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളിൽ ചേരുവാനുള്ള അവസരം നഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് സർക്കാർ തലത്തിൽ തന്നെ പരിഹാരം ഉണ്ടാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളിൽ ചേരുവാനുള്ള അവസരം നഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി അക്കാദമിക് പരീക്ഷാ കലണ്ടർ പ്രകാരം സമയബന്ധിതമായി പരീക്ഷകളും മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും നടത്തുന്നതിന് സർക്കാർ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.